പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3434 21.12.2012 ൽ മറുപടിയ്ക്ക്

യൂറിയയുടെ ദൗർലഭ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രാസവളങ്ങളിൽ ഏറ്റവും വിലകുറഞ്ഞ യൂറിയയ്ക്ക് ക്ഷാമം & അനുഭവപ്പെടുന്നതുമൂലം സ്വകാര്യ ഏജൻസികൾ യൂറിയയ്ക്ക് അമിത വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; (ബി) എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) (ബി) യൂറിയയ്ക്ക് ഇടക്കാലത്ത് ലഭ്യതയിൽ കുറവ് അനുഭവപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ക്ഷാമം ഇല്ല. സ്വകാര്യ ഏജൻസികൾ യൂറിയയ്ക്ക് അമിത വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാസവളങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ കേന്ദ്ര സർക്കാർ നടത്തുന്ന പ്രതിവാര വീഡിയോ കോൺഫറൻസിൽ ഓരോ ആഴ്ചയിലേയും കേരളത്തിലെ രാസവള ലഭ്യത മറ്റ് പ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പ് കേന്ദ്ര രാസവള മന്ത്രാലയത്തെ ധരിപ്പിക്കാറുണ്ട്. ഒപ്പം വിവിധ ഉല്പാദക വിതരണ കമ്പനികളുമായി ബന്ധപ്പെട്ട് ലഭ്യതക്കുറവുള്ള ജില്ലകളിലേക്ക് അടിയന്തിരമായി വളം എത്തിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്. |
| (സി) യൂറിയയുടെ ലഭ്യത ഉറപ്പാക്കാനും എഫ്.എ.സി.ടി. വഴി വിതരണം നടത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) കേരളത്തിന് ആവശ്യമായി വരുന്ന വളത്തിന്റെ കണക്ക് തയ്യാറാക്കി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയും അതനുസരിച്ച് വിവിധ ഉല്പാദക വിതരണ കമ്പനികൾക്ക് അനുവദിക്കുകയുമാണ് നിലവിലുള്ള രീതി. ഓരോ മാസവും സംസ്ഥാനത്തിനുള്ള ക്വാട്ട കേന്ദ്ര സർക്കാർ ഇപ്രകാരം അനുവദിച്ച് നൽകും. കേരളത്തിൽ 2012 ഖാരിഫ് സീസണിലുണ്ടായ യൂറിയ ദൗർലഭ്യം കത്തുകൾ മുഖേനയും പ്രതിവാര വീഡിയോ കോൺഫറൻസിങ് വഴിയും കേന്ദ്ര രാസവള മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ദൗർലഭ്യം പരിഹരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് യൂറിയ ദൗർലഭ്യം ഇല്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ